**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **21-06-2024 - ൽ മറുപടിയ്ക്ക്**

**കേരള പോലീസിൽ സേവനമനുഷ്ഠിക്കുന്ന വനിതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | കേരളാ പോലീസ് സേനയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം ഇപ്രകാരമാണ്.<br><br>ഐ.പി.എസ് - 11<br><br>അസിസ്റ്റന്റ് കമാണ്ടന്റ് - 2<br><br>ഇൻസ്പെക്ടർ - 6<br><br>സബ്ബ് ഇൻസ്പെക്ടർ - 70<br><br>ആംഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ - 5<br><br>സീനിയർ സിവിൽ പോലീസ് ഓഫീസർ - 1205<br><br>ഹവിൽദാർ - 159<br><br>സിവിൽ പോലീസ് ഓഫീസർ/പോലീസ് കോൺസ്റ്റബിൾ - 3265 |
| (ബി) | പോലീസ് സ്റ്റേഷനുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേകം ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) | പോലീസ് സ്റ്റേഷനുകളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വനിതാ ജീവനക്കാർക്ക് മാത്രമായിട്ടുള്ള വിശ്രമ മുറികൾ, ടോയ് ലെറ്റുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പോലീസ് സേനയിലെ വനിതകൾക്ക് മേലുദ്യോഗസ്ഥരിൽ നിന്നോ സഹപ്രവർത്തകരിൽ നിന്നോ, ജോലി സമയത്ത് പൊതുസമൂഹത്തിൽ നിന്നോ നേരിടേണ്ടി വന്ന മാനസികമോ ശാരീരികമോ ആയ അതിക്രമങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയോ അപ്രകാരമുള്ള പരാതികൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (സി) | ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങളിലും ഇരയോടൊപ്പം നിന്നു കൊണ്ടുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ